# GOVERNMENT OF KERALA

## Abstract

Planning and Economic Affairs (RKI) Department- Availing external assistance of $250 million from the World Bank and the Asian Infrastructure Investment Bank (AIIB) on a co-financing basis in a Program for Results (PforR) mode for Resilient Kerala Development Programme under Rebuild Kerala Initiative (RKI)- Approved- Additional Chief Secretary & Chief Executive Officer, Rebuild Kerala Initiative authorized to sign the Program Agreements on behalf of the State of Kerala with the respective Banks- Orders issued.

---

**PLANNING & ECONOMIC AFFAIRS (RKI) DEPARTMENT**

G.O.(Ms)No.15/2021/P&EA Dated,Thiruvananthapuram, 30/05/2021

---

Read: 1. G.O. (P) No. 16/2018/P&EA dated 09/11/2018.

2. G.O. (P) No. 19/2019/P&EA dated 23/05/2019.

3. Minutes of the 107th Screening Committee Meeting of the Department of Economic Affairs, Government of India held on 11/06/2020.

4. Minutes of negotiations between Republic of India and the World Bank on the Resilient Kerala Program, held on 29/04/2021.

5. Minutes of negotiations between Republic of India and AIIB on the Resilient Kerala Program, held on 10/05/2021.

## ORDER

In the aftermath of the floods in 2018, the Government, as per G.O. read as 1st paper above, have entrusted the task of planning and implementing a rebuilding strategy for the state with the Rebuild Kerala Initiative (RKI). As per the G.O. read as 2nd paper above, Government had approved the Rebuild Kerala Development Programme (RKDP) which constitutes the State's strategic road map for a Green and Resilient Kerala. It encompasses cross-cutting and sector-based recommendations on policy, regulatory and institutional actions as well as priority investment programmes that are critical for resilient and sustainable recovery and rebuilding of the state.

**2.** The Government of Kerala (GoK) started to work with international development and financing institutions, primarily with the World Bank, right after the 2018 floods and landslides through a strategic engagement to build multidimensional resilience in Kerala. The

1st phase of engagement was a Development Policy Operation (DPO 1) to strengthen transversal government systems and sector approaches at the State level to tackle natural disasters and other exogenous shocks. The DPO 1, with $250million IDA, leveraging Euro 100 million KfW co-financing, is under progress; and the closing date is 30th June 2021.

**3.** As part of the State's endeavour to continue strengthening its policies, institutions and systems to manage natural disasters, the GoK started the completion of prior actions for availing second tranche of Development Policy Loan in early 2020. However, as per the reference cited 3rd above, Government of India observed that State level program loans (DPOs) from the World Bank were not being considered due to constraints arising from India's single borrower limit *vis a vis* the World Bank since national level DPOs were being given priority to deal with Covid crisis so as to benefit all the States and UTs. It was further advised to explore some other instrument such as Investment Programme Financing (IPF) or Program for Results (PforR) if the State is keen on getting assistance from multilateral agencies like the World Bank.

**4.** Consequently, the RKI prepared a Preliminary Project Report (PPR) under Resilient Kerala Development Programme- II with a total cost of $350 million, and submitted to the Department of Economic Affairs (DEA). The RKDP-2 Program for Results (PfR) is the continuation of RKDP-1 and it will support and incentivize the GoK in a transformational shift to build long-term resilience to climate change, natural disaster and pandemics through deepening and solidifying the policy and institutional reforms emerging from DPO1 and capacities enhanced through a programmatic TA program.

The Program has two results areas (RAs):

RA1: Building systems and institutional capacities for managing shocks from climate change, natural disasters and disease outbreaks;

RA2: Demonstrating integrated approaches to multidimensional resilience at the local level.

The Program has the objectives of:

(i) Enhancing resilience to assets and systems to address vulnerability to multi-hazard events;

(ii) Building a green and resilient Kerala to mitigate floods and other disasters; and

(iii) Supporting the State’s efforts in combating the ongoing COVID-19 pandemic.

The RKDP-2 will continue to support investments towards improving resilience of public and private assets with “build back better” concept to improve quality of lives and, reduce physical and financial vulnerabilities to natural disasters. The RKDP-2 adopts Program for Results (PforR) modality, wherein it will demonstrate results before disbursement of loan. The RKI, in consultation with the World Bank team and the State Departments concerned,

identified and finalized the Results Matrix and the Disbursement-Linked Indicator (DLI)s under the PforR.

**5.** The DEA approved the proposal under Resilient Kerala PforR for a total of $250 million assistance, under co-financing by the World Bank and the Asian Infrastructure Investment Bank(AIIB ) on a 50:50 basis.

**6.** Subsequently, negotiation meetings were held with the Government of India and the GoK by the World Bank and the AIIB, separately, on 29/04/2021 and 10/05/2021 respectively, in which the program related documents have been discussed and agreed upon.

**7.** The Government, after having considered the matter in detail, are pleased to grant permission for availing external assistance of $250 million from the World Bank and the Asian Infrastructure Investment Bank (AIIB) on a co-financing basis in a Program for Results (PforR) mode for Resilient Kerala Development Programme under Rebuild Kerala Initiative (RKI), and to authorize the Additional Chief Secretary & Chief Executive Officer, Rebuild Kerala Initiative to sign the Program Agreements on behalf of the State of Kerala with the respective Banks.

(By order of the Governor)

**RAJESH KUMAR SINGH IAS**
**ADDITIONAL CHIEF SECRETARY**

To:

Additional Chief Secretary & CEO, Rebuild Kerala Initiative.
The Principal Accountant General (A&E/Audit), Thiruvananthapuram.
General Administration (SC) Department [vide item no: 15 of the meeting of the Council of Ministers held on 26/05/2021].
Finance Department.
Information & Public Relations (Web & New Media) Department (for publishing in Government website).
Stock File/Office Copy [F.No.RKI2/2/2019-PLGEA].

Forwarded /By order

Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-05-2021

ഫയൽ നം. ആർ.കെ.ഐ.-2/2/2019/ആസൂത്രണം. ഇനം നം: 15

വിഷയം : ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - റീബിൽഡ് കേരള ഇനീഷ്യേറ്റീവി(RKI)-നു കീഴിലുള്ള റെസിലിയന്റ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ പ്രോഗ്രാം ഫോർ റിസൽട്ട്സ് (PforR) മാതൃകയിൽ ലോകബാങ്കിൽ നിന്നും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കി(AIB)-ൽ നിന്നും കോ-ഫിനാൻസിംഗ് അടിസ്ഥാനത്തിൽ 250 ദശലക്ഷം ഡോളറിന്റെ വായ്പ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ലഭ്യമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

15 (RKI) 26/5

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ (ആർ.കെ.ഐ.) വകുപ്പ്.

26/5/21

5168734/2021/PLG&EA(RKI)

കരട്

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ആർ കെ ഐ-2/2/2019/ആസൂത്രണം |
| 2 | വകുപ്പ് | ആസൂത്രണ സാമ്പത്തിക കാര്യ (ആർ കെഐ) വകുപ്പ് |
| 3 | വിഷയം | റീബിൽഡ് കേരള ഇനിഷ്യേറ്റീവി (RKI)-ന് കീഴിലുള്ള റെസിലിയന്റ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ പ്രോഗ്രാം ഫോർ റിസൽട്ട്സ് (PforR) മാതൃകയിൽ ലോകബാങ്കിൽ നിന്നും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കി (AIIB)-ൽ നിന്നും കോ-ഫിനാൻസിംഗ് അടിസ്ഥാനത്തിൽ 250 ദശലക്ഷം ഡോളറിന്റെ വായ്പ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ലഭ്യമാക്കുന്നതു സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24/05/2021 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ? | നിയമവകുപ്പുമായി ആലോചിച്ച്, ആ വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | കെ.സുനിൽ കുമാർ |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ് കുമാർ സിംഗ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/05/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി.ജോയ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/05/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | ../05/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | ../05/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

റീബിൽഡ് കേരള ഇനിഷ്യേറ്റീവി (RKI)-നു കീഴിലുള്ള റെസിലിയന്റ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ പ്രോഗ്രാം ഫോർ റിസൽട്ട്സ് (PforR) മാതൃകയിൽ ലോകബാങ്കിൽ നിന്നും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കി (AIIB)-ൽ നിന്നും കോ-ഫിനാൻസിംഗ് അടിസ്ഥാനത്തിൽ 250 ദശലക്ഷം ഡോളറിന്റെ വായ്പ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ലഭ്യമാക്കുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

**2.** 2018 ഓഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ അഭൂതപൂർവമായ പ്രളയത്തിൽ വീടുകൾ, അടിസ്ഥാനസൗകര്യം, കാർഷിക-മൃഗസംരക്ഷണ രംഗം, ജീവനോപാധികൾ, വ്യാപാരം, പരിസ്ഥിതി-ജൈവവൈവിധ്യം തുടങ്ങിയ മേഖലകളിലെല്ലാം വമ്പിച്ച നാശനഷ്ടങ്ങളാണുണ്ടായത്. പ്രളയാനന്തര കേരളത്തിന്റെ പുനരുജ്ജീവനത്തിനും പുനർനിർമാണത്തിനുമായി ലോകബാങ്ക്, എഡിബി, കെഎഫ്ഡബ്ള്യൂ തുടങ്ങിയ വിവിധ രാജ്യാന്തര ഫണ്ടിങ് ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര ധനകാര്യമന്ത്രാലയവുമായി ചർച്ച നടത്തി. തുടർന്ന്, പ്രളയത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും കാലാവസ്ഥാമാറ്റവും പ്രകൃതിദുരന്തങ്ങളും സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ അതിജീവിക്കുന്നതിനുള്ള കരുത്ത് വർധിപ്പിക്കുന്നതിനുമായി പ്രളയാനന്തര പുനർനിർമാണ പദ്ധതി ആവിഷ്കരിച്ചു. ഇതിന് രാജ്യാന്തര ഫണ്ടിങ് ഏജൻസികളുടെ സഹായം തേടുന്നതിനുള്ള അംഗീകാരത്തിനായി റസീലിയന്റ് കേരള ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായുള്ള പ്രപ്പോസലുകൾ കേന്ദ്ര ധന മന്ത്രാലയത്തിനു കീഴിലുള്ള സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചു. പദ്ധതിക്ക് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെ തത്വത്തിലുള്ള അനുമതി ലഭിച്ചതിനെത്തുടർന്ന്, ലോകബാങ്ക്-ഐബിആർഡി, ജർമൻ സർക്കാർ വികസന ബാങ്കായ കെ.എഫ്.ഡബ്ള്യൂ എന്നിവയുമായി വായ്പ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് 07/03/2019 ലെ സ.ഉ.(അ) 27/2019/ധന നമ്പർ പ്രകാരം സർക്കാർ അനുമതി നൽകി. ലോകബാങ്കിൽനിന്ന് 5137.34 കോടിയുടെയും കെഎഫ്ഡബ്ള്യൂവിൽനിന്ന് 1458 കോടിയുടെയും (2019 മാർച്ചിലെ മൂല്യം അനുസരിച്ച്) സഹായത്തിനാണ് (സംസ്ഥാന വിഹിതം ഉൾപ്പെടെ) അനുമതി നൽകിയത്.

**3**. വിവിധ ഗഡുക്കളായുള്ള വികസന നയ വായ്പ (Development Policy Loan- ഡി.പി.എൽ) യായി 500 ദശലക്ഷം ഡോളറിന്റെ ലോകബാങ്ക് സഹായത്തിനാണ് അംഗീകാരം ലഭിച്ചത്. റസീലിയന്റ് കേരള ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായുള്ള വികസനപരിപാടികളുടെ രൂപരേഖ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള

പുനർനിർമാണ വികസന പരിപാടി (ആർ.കെ.ഡി.പി) എന്ന പദ്ധതി തയാറാക്കി അംഗീകാരം നൽകുകയും, അത് ലോകബാങ്കിനു സമർപ്പിക്കുകയുമുണ്ടായി. തുടർന്ന്, പദ്ധതി ലോകബാങ്ക് അംഗീകരിക്കുകയും ചെയ്തു. അതേസമയം തന്നെ, വികസന നയവായ്പ ലഭിക്കുന്നതിന് നിഷ്കർച്ചിട്ടുള്ള മുൻകൂർ പ്രവർത്തനങ്ങളെല്ലാം (Prior Actions) ആർ.കെ.ഐ. പൂർത്തിയാക്കി. ഇതേത്തുടർന്ന് ഒന്നാം വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 ദശലക്ഷം യു.എസ്. ഡോളർ 2019 ജൂണിൽ സംസ്ഥാനത്തിന് അനുവദിക്കുകയും, ആ തുക സംസ്ഥാനത്തിന് 2019 ഓഗസ്റ്റിൽ ലഭിക്കുകയും ചെയ്തു. പിന്നീട് ജർമ്മൻ വികസനബാങ്കായ കെ.എഫ്.ഡബ്ള്യൂ കൂടി വികസന നയ വായ്പയുടെ ഭാഗമാകുന്നതിന് തയ്യാറാകുകയും ഡി.പി.എൽ-1 ന്റെ അനുബന്ധ സഹായമെന്ന നിലയിൽ 100 ദശലക്ഷം യൂറോയുടെ വായ്പയ്ക്ക് 2020 ഡിസംബറിൽ കെ.എഫ്.ഡബ്ള്യൂ-വുമായി കരാർ ഒപ്പിടുകയും ചെയ്തു. ഈ തുകയും 2021 മാർച്ചിൽ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്.

**4.** പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിന്, നയങ്ങളും സ്ഥാപനങ്ങളും സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമത്തിന്റെ ഭാഗമായി 2020-ന്റെ തുടക്കത്തിൽ വികസന നയ വായ്പയുടെ രണ്ടാം ഗഡുവിനു വേണ്ടിയുള്ള മുൻകൂർ പ്രവർത്തനങ്ങൾ (Prior actions) പൂർത്തീകരിച്ചു തുടങ്ങി. ലോകബാങ്കും സംസ്ഥാന സർക്കാർ വകുപ്പ് മേധാവികളുമായി വിവിധ തലങ്ങളിലുള്ള ചർച്ചകൾ നടത്തുകയും, തുടർന്ന്, പൂർത്തിയാക്കിയ മുൻകൂർ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് 2020 മാർച്ചിൽ ലോകബാങ്കിനു നൽകുകയും ചെയ്തു. ഈ സമയത്താണ് സംസ്ഥാനത്തിന് കനത്ത സാമ്പത്തിക ആഘാതമേൽപ്പിച്ചുകൊണ്ട് കോവിഡ്-19 മഹാമാരിയും അനുബന്ധ പ്രശ്നങ്ങളും ഉണ്ടായത്. കോവിഡ് സൃഷ്ടിച്ച ആഘാതത്തിൽനിന്ന് കരകയറുന്നതിന് സാധ്യമായ എല്ലായിടങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കേണ്ടത് നിർണായകമായിരുന്നു. ഇതേത്തുടർന്ന്, വികസന നയ വായ്പയുടെ ശേഷിക്കുന്ന തുകയായ 250 ദശലക്ഷം ഡോളർ അടിയന്തരമായി ലഭിക്കുന്നതിനുള്ള പിന്തുണ അഭ്യർഥിച്ചുകൊണ്ട് 26/04/2020 ന് ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്തെഴുതി. കോവിഡ് അനുബന്ധ ആരോഗ്യ, സാമ്പത്തിക നടപടികൾക്കായി 100 ദശലക്ഷം ഡോളർ അധികമായി ചേർത്ത് മൊത്തം വായ്പ തുക 350 ദശലക്ഷം ഡോളറാക്കുന്നത് പരിഗണിക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർഥിച്ചു.

**5.** എന്നാൽ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും കോവിഡ് പ്രതിസന്ധി നേരിടുന്നതിനായി ദേശീയതലത്തിൽ വികസന നയ വായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ സംസ്ഥാനതലത്തിലുള്ള

പ്രത്യേക വികസന നയ വായ്പ പരിഗണിക്കാനാകില്ലെന്ന് 2020 ജൂണിൽ കേന്ദ്ര സർക്കാർ അറിയിച്ചു. പകരമായി, ഐ.പി.എഫ്., പ്രോഗ്രാം ഫോർ റിസൽട്ട് (PforR) മുതലായവ പോലുള്ള മറ്റു നവീന വായ്പാസാധ്യതകൾ പരിഗണിക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഉപദേശം നൽകി. ഇതേത്തുടർന്ന്, ലോകബാങ്കിന്റെ നിർദ്ദിഷ്ട റസീലിയന്റ് കേരള പ്രോഗ്രാം ഡവലപ്മെന്റ് പോളിസി ഓപ്പറേഷൻ (DPO-2), പ്രോഗ്രാം ഫോർ റിസൽട്ട് (PforR) രീതിയിലേക്ക് മാറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി തേടി. PforR രൂപപ്പെടുത്തുന്നതു സംബന്ധിച്ച് ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ Resilient Kerala Development Programme- II ന്റെ പ്രാഥമിക പദ്ധതി റിപ്പോർട്ട് (PPR) തയാറാക്കി. ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ധനകാര്യമന്ത്രിയുടെയും തത്വത്തിലുള്ള അംഗീകാരത്തോടെ പദ്ധതി കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിന് സമർപ്പിച്ചു.

**6**. RKDP-2 പ്രോഗ്രാം ഫോർ റിസൽട്ട്സ് (PfR), RKDP-1ന്റെ തുടർച്ച തന്നെയാണ്. DPO-1ന്റെ ഭാഗമായ നയപരവും സ്ഥാപനപരവുമായ പരിഷ്കരണങ്ങളെയും നവീന സാങ്കേതിക സഹായ പദ്ധതികളിലൂടെ കൈവരിച്ച ശേഷികളെയും കൂടുതൽ വിപുലമാക്കുകയും ഉറപ്പിക്കുകയും ചെയ്തുകൊണ്ട്, മഹാമാരികളെയും പ്രകൃതിദുരന്തങ്ങളെയും കാലാവസ്ഥമാറ്റത്തെയും നേരിടുന്നതിനും ദീർഘകാല അതിജീവനക്ഷമത കൈവരിക്കുന്നതിനുമുള്ള വലിയൊരു ഗതിമാറ്റത്തിന് സർക്കാരിന് പിന്തുണയും ഊർജവും നൽകുന്നതാകും RKDP-2.

ഇതിന് രണ്ട് ഫലപ്രാപ്തി മേഖല (Results Area-RA)കളുണ്ട് :

1. ഫലപ്രാപ്തി മേഖല-1(RA1): കാലാവസ്ഥാമാറ്റവും പ്രകൃതി ദുരന്തങ്ങളും പകർച്ചവ്യാധികളും ഉണ്ടാക്കുന്ന ആഘാതങ്ങൾ നേരിടുന്നതിനുള്ള സംവിധാനങ്ങളും സ്ഥാപനശേഷിയുമുണ്ടാക്കുക;

2. ഫലപ്രാപ്തി മേഖല-2(RA2): പ്രാദേശികതലത്തിൽ ബഹുതലങ്ങളിലുള്ള അതിജീവനക്ഷമതയ്ക്കായി സംയോജിത സമീപനങ്ങൾ അവതരിപ്പിക്കൽ.

RKDP-2 വിന് ചുവടെപറയുന്ന ലക്ഷ്യങ്ങളാണ് ഉള്ളത് :

(i) ബഹുവിധ ദുരന്തങ്ങളിൽ അപകടസാധ്യത കുറയ്ക്കുന്ന വിധം ആസ്തികളുടെയും സംവിധാനങ്ങളുടെയും അതിജീവനക്ഷമത വർധിപ്പിക്കൽ;

(ii) പ്രളയവും മറ്റു ദുരന്തങ്ങളുമുണ്ടാക്കുന്ന ആഘാതം ലഘൂകരിക്കപ്പെടുന്നതിന് ഉതകുന്ന അതിജീവനക്ഷമമായൊരു ഹരിത കേരളം സൃഷ്ടിക്കൽ;

(iii) കോവിഡ്-19 മഹാമാരിക്കെതിരെയുള്ള സംസ്ഥാനത്തിന്റെ പോരാട്ടത്തിന് ഉറച്ച പിന്തുണ നൽകൽ.

**7.** പ്രകൃതിദുരന്തങ്ങളുടെ ഫലമായുണ്ടാകുന്ന ഭൗതികവും സാമ്പത്തികവുമായ ദുർബലാവസ്ഥ കുറയ്ക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി പൊതു, സ്വകാര്യ ആസ്തികളുടെ അതിജീവനക്ഷമത ഉറപ്പിക്കുന്ന തരത്തിൽ "കൂടുതൽ മികവുള്ള പുനർനിർമാണ" ത്തിനുള്ള സാമ്പത്തിക പിന്തുണ, RKDP-2 വിലും തുടരും. ഒരു നയ വായ്പയായിരുന്നു RKDP-I (DPL1). എന്നാൽ പൂർത്തീകരിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്ന **ഫലപ്രാപ്തി അധിഷ്ഠിത പരിപാടി** (Program for Results-PforR) എന്ന തരത്തിലാകും RKDP-2. ലോകബാങ്ക് ടീമുമായും വിവിധ സർക്കാർ വകുപ്പുകളുമായും നടത്തിയ കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ ആർ.കെ.ഐ, PforR-ന്റെ ഫലപ്രാപ്തി മേഖലകൾക്കും (Results Matrix) വായ്പാ വിതരണ സൂചകങ്ങൾ (Disbursement-Linked Indicator- DLI)-ക്കും രൂപം നൽകിയിട്ടുണ്ട്. ലോകബാങ്ക് അംഗീകരിച്ചിട്ടുള്ള ഈ മേഖലകളും സൂചകങ്ങളും **അനുബന്ധം-1 ൽ** കാണാം.

**8**. 350 ദശലക്ഷം ഡോളറിന്റെ പ്രസ്തുത പദ്ധതിക്ക് 50:50 അനുപാതത്തിൽ ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും (AIIB) ചേർന്ന് വായ്പ അനുവദിക്കാമെന്ന് ലോകബാങ്ക് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇതു സംബന്ധിച്ച് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് 15/09/2020 ൽ ചർച്ച നടത്തുകയും 125 ദശലക്ഷം ഡോളറിന്റെ സഹായത്തിനുള്ള പദ്ധതി ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന് (AIIB) സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം, മൊത്തം 250 ദശലക്ഷം ഡോളറിന്റെ റസീലിയന്റ് കേരള PforR പദ്ധതിക്ക് 50:50 അനുപാതത്തിൽ ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും (AIIB) ചേർന്ന് വായ്പ അനുവദിക്കുന്നതു സംബന്ധിച്ച പദ്ധതിക്ക് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. *ഇതു കൂടാതെ, മേൽപദ്ധതിയുടെ ഭാഗമായി ഫ്രഞ്ച് ബാങ്കായ AFD യുടെ 100 ദശലക്ഷം ഡോളറിന്റെ അധിക സഹായംകൂടി ലഭ്യമാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദേശം കേന്ദ്ര സാമ്പത്തികകാര്യവകുപ്പിന്റെ പരിഗണനയിലാണ്.*

**9.** വായ്പാ നടപടിക്രമങ്ങളുടെ ഭാഗമായി, കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിനെയും സംസ്ഥാനസർക്കാരിനെയും ഉൾപ്പെടുത്തിയുള്ള കൂടിയാലോചനകൾക്കായി ലോകബാങ്കിന്റെയും AIIB യുടെയും പ്രത്യേകം ക്ഷണം ലഭിച്ചതിനെത്തുടർന്ന് ഇതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയെയും ബഹു.ധനകാര്യമന്ത്രിയെയും ധരിപ്പിക്കുകയും, നിർദ്ദിഷ്ട RKDP-2 Program for Results സഹായം സംബന്ധിച്ച

കൂടിയാലോചനകളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി & സി.ഇ.ഒ, ആർ.കെ.ഐ.-യെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തു.

**10**. ഇന്ത്യൻ പ്രതിനിധി സംഘവും ലോകബാങ്ക്, AIIB ടീമുകളും തമ്മിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ, വായ്പയുമായി ബന്ധപ്പെട്ട് അതാതു ബാങ്കും കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പും ഒപ്പിടേണ്ട വായ്പാകരാറിന്റെ കരട് (draft Loan Agreement), അതാതു ബാങ്കുകളും സംസ്ഥാന സർക്കാരും ഒപ്പിടേണ്ട പദ്ധതികരാറിന്റെ കരട് (draft Program Agreement), വായ്പയുമായി ബന്ധപ്പെട്ട മറ്റു രേഖകൾ എന്നിവ സംബന്ധിച്ച് അനുകൂല ധാരണയായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ രേഖാമൂലമുള്ള സമ്മതപത്രം ലഭിച്ചശേഷം അതാതു ബാങ്കുകളുടെ ഡയറക്ടർ ബോർഡ് വായ്പ പദ്ധതി വിലയിരുത്തും. ഐബിആർഡി എക്സിക്യൂട്ടീവ് ഡയറക്ടേഴ്സ് ബോർഡ് 2021 ജൂലൈ 8 നും AIIB ഡയറക്ടേഴ്സ് ബോർഡ് 2021 ജൂലൈ 15 നും വായ്പ പദ്ധതി പരിഗണിക്കാൻ തീരുമാനിച്ചതായി അതാതു ബാങ്കുകൾ അറിയിച്ചിട്ടുണ്ട്.

**11.** സമാന്തരമായി, ലോകബാങ്കും സംസ്ഥാന സർക്കാരും തമ്മിൽ ഒപ്പിടേണ്ട പ്രോഗ്രാം എഗ്രീമെന്റ് (Program Agreement) കരട് സൂക്ഷ്മപരിശോധനയ്ക്കും അംഗീകാരത്തിനുമായി ധനകാര്യ, നിയമ വകുപ്പുകളുടെ പരിഗണനയ്ക്ക് അയച്ചിരുന്നു. ഇതിന്മേൽ ധനകാര്യ വകുപ്പ് താഴെപ്പറയുംപ്രകാരം അറിയിച്ചിട്ടുണ്ട്.

"*Finance agrees to the Draft Program Agreement between Kerala and the IBRD in respect of the proposed loan of $125 million for the RKDP-2 PfR (Resilient Kerala Program) subject to the vetting of the same by Law Department. As regards filling up of worksheet for loan choices, AD may be informed (as discussed with World Bank official) that it is for the Govt.of India (Borrower) and IBRD (Lending Agency) to finalize the Financing information, Repayment terms, Front - End Fee, Conversion Options etc. as per the worksheet for loan choices in the proposed negotiation meeting of Resilient Kerala Program for Results Project. However, the AD may convey the State's comment to fix the maximum repayment period of 35 years including moratorium/grace period of five years in the loan negotiation meeting*".

ഇതുസംബന്ധിച്ച് നിയമവകുപ്പ് ചുവടെപറയും വിധം അഭിപ്രായം അറിയിച്ചിട്ടുണ്ട്.

"*In the draft porgramme agreement clauses 3.02 and 3.03 of the Article III mention about section 10.01 of the General Conditions. Eventhough the term 'General Condition' is defined in clause 19 of section I of the Appendix to the draft Loan*

*Agreement, copy of the revised General Conditions is not available in the file. Clause 1.1 of Article I of the draft programme agreement also mention about General Conditions. A/D may verify the same. Subject to the above the draft Programme Agreement is in order. It may be confirmed that the provisions in the agreement are in accordance with the objectives and intentions of the A/D."*

നിയമവകുപ്പ് നിർദ്ദേശിച്ചതുപ്രകാരം, IBRD-യുടെ പ്രോഗ്രാം-ഫോർ-റിസൾട്ട് ഫിനാൻസിംഗ് സംബന്ധിച്ച പൊതു വ്യവസ്ഥകൾ അടങ്ങിയ മാർഗനിർദ്ദേശങ്ങൾ *[പ്രോഗ്രാം-ഫോർ-റിസൾട്ട് ഫിനാൻസിംഗ്, 2018 ഡിസംബർ 14 തീയതി (2020 ഓഗസ്റ്റ് 1, 2020 ഡിസംബർ 21 ന് പരിഷ്കരിച്ചത്)]* പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കിയതെന്തെന്നാൽ, പ്രസ്തുത മാർഗനിർദ്ദേശങ്ങളിലെ നിയമപരമായ കരാറുകൾ സംബന്ധിച്ച വ്യവസ്ഥകൾപ്രകാരം, വായ്പാ കരാറിന്റെ ഏതെങ്കിലും വ്യവസ്ഥ, ഗ്യാരണ്ടി കരാർ അല്ലെങ്കിൽ പ്രോഗ്രാം എഗ്രീമെന്റ് എന്നിവയിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്ത പക്ഷം, വായ്പാ ഉടമ്പടി, ഗ്യാരണ്ടി കരാർ അല്ലെങ്കിൽ പ്രോഗ്രാം എഗ്രീമെന്റ് എന്നിവ നിലനിൽക്കും എന്നതാണ്. ഈ സാഹചര്യത്തിൽ, പൊതു വ്യവസ്ഥകളുടെ സ്ഥിരീകരണത്തിന് വിധേയമായി, കരട് പ്രോഗ്രാം എഗ്രീമെന്റ് ക്രമത്തിലാണെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നതിനാലും എന്തെങ്കിലും പൊരുത്തക്കേടുകളുണ്ടെങ്കിൽ, പ്രോഗ്രാം എഗ്രീമെന്റിലെ വ്യവസ്ഥകൾ നിലനിൽക്കുമെന്നതിനാലും, കരട് പ്രോഗ്രാം എഗ്രീമെന്റ് ക്രമത്തിലാണെന്ന് കണക്കാക്കാം.

ഇപ്രകാരം ലോകബാങ്കും സംസ്ഥാന സർക്കാരും തമ്മിൽ ഒപ്പിടേണ്ട പ്രോഗ്രാം എഗ്രീമെന്റ് (Program Agreement) കരട് അംഗീകരിച്ചതായും, AIIB-യും സംസ്ഥാന സർക്കാരും തമ്മിൽ ഒപ്പിടേണ്ട പ്രോഗ്രാം എഗ്രീമെന്റ് കരടും ഇതേ മാതൃകയിലുള്ളതായതിനാൽ അംഗീകരിച്ചതായും കണക്കാക്കാവുന്നതാണ്. ലോകബാങ്കും സംസ്ഥാന സർക്കാരും തമ്മിൽ ഒപ്പിടേണ്ട പ്രോഗ്രാം എഗ്രീമെന്റ് (Program Agreement) കരട് **അനുബന്ധം 2** ആയും AIIB-യും സംസ്ഥാന സർക്കാരും തമ്മിൽ ഒപ്പിടേണ്ട പ്രോഗ്രാം എഗ്രീമെന്റ് (Program Agreement) കരട് **അനുബന്ധം 3** ആയും കാണാവുന്നതാണ്.

**12.** ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം.**

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)-ന്റെ കീഴിലുള്ള റെസിലിയന്റ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ പ്രോഗ്രാം ഫോർ റിസൽട്ട്സ് (PforR)

മാതൃകയിൽ ലോകബാങ്കിൽ നിന്നും ഏഷ്യൻ ഇന്ഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കി (AIIB)-ൽ നിന്നും കോ-ഫിനാൻസിംഗ് അടിസ്ഥാനത്തിൽ 250 ദശലക്ഷം ഡോളറിന്റെ വായ്പ സ്വീകരിക്കുന്നതിന് അനുമതി നൽകാമോ;

അപ്രകാരം അനുമതി നൽകുന്ന പക്ഷം, സംസ്ഥാനസർക്കാരിനെ പ്രതിനിധീകരിച്ച് അതാത് ബാങ്കുകളുമായി പ്രോഗ്രാം എഗ്രീമെന്റ് ഒപ്പ് വയ്ക്കുന്നതിന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി & സി.ഇ.ഒ, ആർ.കെ.ഐ.-യെ ചുമതലപ്പെടുത്താമോ?

25/05/21

25/5

25/5

25/5